ശ്രീ. കെ. നാരായണക്കുറുപ്പ്: സ്വന്തമായി യാതൊരു താൽപ്പര്യവുമില്ല. ഒരു ഹിതപരിശോധന നടത്തുന്നതിന് മാനേജുമെൻറ് ഒരുങ്ങിയപ്പോഴാ മറ്റു തൊഴിൽ സ്ഥാപനങ്ങളിലും ഇതെടുക്കാൻ തയ്യാറായാൽ മാത്രം ഇവിടേയും മതി എന്നുള്ള അഭിപ്രായം വന്നതു കൊണ്ടാണ് അങ്ങിനെ ചെയ്തത്.

ശ്രീ. കെ. സി. വാമദേവൻ: ഇലക്ട്രിസിറ്റി ബോർഡിൽ അംഗീകാരത്തിനായി അപേക്ഷിച്ച ഏതാണ്ട് 20 യൂണിയനുകൾക്ക് അംഗീകാരം അനുവദിക്കാതിരിക്കുകയും കെ. എസ്. ആർ. റ്റി. സി. യിൽ അപേക്ഷിച്ചവർക്കെല്ലാം അംഗീകാരം കൊടുക്കുകയും ചെയ്തതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് യൂണിയനുകൾക്ക് അംഗീകാരം കൊടുക്കുന്നതിന് ഏകീകൃതമായ ഒരു നയമുണ്ടോ? അതോ കോർപ്പറേഷനിൽ ഏതെങ്കിലും പ്രത്യേകമായ മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ഗവൺമെൻറ് യൂണിയനുകളെ രജിസ്റ്റർ ചെയ്തു കൊടുക്കുന്നുണ്ട്. അതിനു ഒരു പൊതു നയമില്ല. അത്യാവശ്യമുള്ളിടത്ത് യൂണിയനുകളെ കൊടുത്താൽ മതി എന്ന ധാരണയുണ്ട്.

ആഭ്യന്തര വിമാന സർവ്വീസ്

*400 [424] ശ്രീ. ജി. പി. മംഗലത്തു മഠം:

ശ്രീ. ഇ. നാരായണൻ നായർ:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. പി. ആർ. കുറുപ്പ്:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നഗരങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ആഭ്യന്തര വിമാന സർവ്വീസ് ആരംഭിക്കുന്നതിനുള്ള പരീക്ഷണ പറക്കൽ നടന്നുവോ;

(ബി) നടക്കുകയുണ്ടായെങ്കിൽ എന്നാണ്;

(സി) ഏതു കമ്പനിക്കാരാണ് ഈ പരീക്ഷണ പറക്കലിനും തുടർന്നു സ്ഥിരമായി സർവ്വീസ് നടത്തുന്നതിനും മുന്നോട്ടു വന്നിട്ടുള്ളത്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) പരീക്ഷണപ്പറക്കൽ നടന്നിട്ടുണ്ട്.

(ബി) 1978 ഒക്ടോബറിൽ.

(സി) ഹൻസ് എയർ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്കാരാണ് മുന്നോട്ടു വന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പി. മംഗലത്തു മഠം: ഇടവപ്പാതിയും അതുപോലെ തന്നെ തുലാവർഷവും എല്ലാം ഉള്ള സമയത്ത് ആരോ വിമാനം പോലും ഇറങ്ങാൻ സാധിക്കാത്ത പരിതസ്ഥിതിയിൽ ഈ വിമാന സർവ്വീസ് നടത്താൻ സാധിക്കുമെന്നു വിശ്വസിക്കുന്നുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബുദ്ധിമുട്ടില്ലാത്ത സന്ദർഭത്തിൽ നല്ല ആകാശമുള്ള സന്ദർഭത്തിൽ മാത്രമേ നടത്താൻ സാധിക്കുകയുള്ളു.

ശ്രീ. ജി. പി. മംഗലത്തു മഠം: ഈ കമ്പനിയുടെ അവസാനത്തെ തീരുമാനം എന്താണെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കമ്പനിയുടെ തീരുമാനം നേരത്തെ അറിയിച്ചതു പോലെ തന്നെ, ഇൻഡ്യാ ഗവൺമെൻറിന്റെ അംഗീകാരത്തിനും ലൈസൻസിനും എഴുതിയിരിക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: 1978 ഒക്ടോബറിനകം വിമാനം പറപ്പിക്കാമെന്നു പറഞ്ഞിട്ട് അതു ഇതുവരെ നടപ്പാക്കാത്തത് എന്തു കൊണ്ട് ആണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: പറപ്പിക്കാമെന്നു പറഞ്ഞത് പറപ്പിച്ചു കഴിഞ്ഞു.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: റഗുലർ സർവ്വീസ് കോഴിക്കോട്ടേക്കു ആരംഭിക്കുമെന്ന് ഈ നിയമസഭയ്ക്ക് ഉറപ്പു തന്നിരുന്നതാണ്. അത് എന്തുകൊണ്ടാണ് പാലിക്കാത്തത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: നിയമസഭയിൽ പറഞ്ഞിരുന്നു, ഒക്ടോബറിൽ പ്രാരംഭം കുറിക്കുമെന്ന്. പരീക്ഷണപ്പറക്കലാണ് ആരംഭം.

ശ്രീ. പി. ആർ. കുറുപ്പ്: വിമാനം എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും ഇറക്കുന്ന വിധത്തിൽ യാത്ര ചെയ്യും എന്നു പറഞ്ഞിട്ട് പരീപാടി ദിവസം വിമാനം ഓടിക്കാത്തതുകൊണ്ട് വിമാനത്തെ സ്വീകരിക്കാൻ കാത്തു നിന്ന ആളുകളും വളരെ നിരാശയോടു കൂടി തിരിച്ചു പോയ കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആദ്യം പരീക്ഷണപ്പറക്കൽ നടത്തുമെന്നു പറഞ്ഞ ദിവസം നടത്തുന്നതിന് ബുദ്ധിമുട്ടുണ്ടെന്നു നേരത്തെ അറിയിച്ചു. ഏതാനും ദിവസം കഴിഞ്ഞ് പറപ്പിക്കുമെന്നു പറഞ്ഞ് പറപ്പിക്കുകയും ചെയ്തു. രണ്ടാമത്തെ ദിവസം പറപ്പിക്കുമെന്ന് പറഞ്ഞത് പൊതുജനങ്ങളെ അറിയാതെ ബുദ്ധിമുട്ടുണ്ടായതിൽ ഖേദമുണ്ട്.

ശ്രീ. പി. ആർ. കുറുപ്പ്: എത്ര ട്രിപ്പാണ് പറപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: നാല്.

ശ്രീ. പി. കരുണാകരൻ: കോഴിക്കോടും തിരുവനന്തപുരവും മാത്രമാണോ ഉദ്ദേശിക്കുന്നത്? അതല്ല ജില്ലാ തലസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തുമോ? കേരളത്തിന്റെ വടക്കേയറ്റമായ കണ്ണൂരും

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരവുമായി ബന്ധിപ്പിക്കുന്ന സർവ്വീസ് കൂടി ആരംഭിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ചെറിയ വിമാനങ്ങൾ ജില്ലാ തല സ്ഥാനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് പറപ്പിക്കുന്നത് ഭാവിയിൽ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. തൽക്കാലം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു ജില്ലകളെ ബന്ധിപ്പിച്ചു കൊണ്ടാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: കണ്ണൂരിനെ എല്ലാ കാര്യങ്ങളിലും അവഗണിച്ചിരിക്കുകയാണ്. മുമ്പ് ഉറപ്പു തന്നതാണ് ജില്ലാ തലസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തി വിമാന സർവ്വീസ് ആരംഭിക്കുമ്പോൾ കണ്ണൂർ വരെ സർവ്വീസ് ആരംഭിക്കുമെന്ന്. ഇപ്പോൾ കണ്ണൂരിനെ അവഗണിക്കാൻ കാരണമെന്താണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: ആദ്യം പറഞ്ഞതുപോലെ ജില്ലാ തലസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുമ്പോൾ കണ്ണൂരും ഉൾപ്പെടും.

ശ്രീ. കെ. ചന്ദ്രശേഖരക്കുറുപ്പ്: കോഴിക്കോട്ടെ കരിപ്പൂർ വിമാനത്താവളത്തിന്റെ പണി എന്നു തുടങ്ങാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കും.

ശ്രീ. വി. ഈച്ചരൻ: ജില്ലാ തലസ്ഥാനങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള വിമാനസർവ്വീസിനാവശ്യമായ വിമാനത്താവളങ്ങളുടെ പണിക്ക് വേണ്ട ചെലവ് സ്റ്റേറ്റ് ഗവൺമെൻറാണോ കേന്ദ്ര ഗവൺമെൻറാണോ വഹിക്കേണ്ടത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: നമ്മുടെ സംസ്ഥാനത്തിനുള്ളിലുള്ള വിമാനത്താവളങ്ങൾ നാം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ചെറിയ ചെലവ് വരുന്ന വിമാനത്താവളങ്ങളാണ്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: 1947 വരെ സ്ഥിരമായി ഉപയോഗിച്ചിരുന്ന കണ്ണൂരിലെ വിമാനത്താവളം ഇന്നു ശൂന്യമായി കിടക്കുകയാണ്. ജില്ലാ സർവ്വീസ് ആരംഭിക്കുമ്പോൾ ആ വിമാനത്താവളം ഉപയോഗപ്പെടുത്തി അവിടെ വിമാനം ഇറക്കാൻ എന്തെങ്കിലും ശുപാർശ ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനു വേണ്ട ശുപാർശ ചെയ്യുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കണ്ണൂരിൽ ശൂന്യമായ സ്ഥലം കിടപ്പുണ്ടെങ്കിൽ വിമാനം പറപ്പിക്കുന്ന സമയത്ത് ആദ്യം കണ്ണൂരിന്റെ കാര്യം ആലോചിക്കാം.

ശ്രീ. പി. ഭാസ്കരൻ: കണ്ണൂരിലേക്ക് വിമാന സർവ്വീസ് ആരംഭിക്കണമെന്ന് ആരിൽനിന്നെങ്കിലും നിവേദനമോ മെമ്മോറാണ്ടമോ കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മെമ്പറിൽ നിന്നും ഒരു നിവേദനം കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സുകുമാരനുണ്ണി: കേരള സർക്കാരിന്റെ കീഴിൽ വല്ല വിമാനവും കൈവശമുണ്ടോ? ഇല്ലെങ്കിൽ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ധാരാളം യാത്രാ പരിപാടികളും മന്ത്രിമാരും മറ്റും നടത്തുന്ന ഈ അവസരത്തിൽ വിമാനം വാങ്ങാൻ വല്ല ഉദ്ദേശവുമുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: നമ്മുടെ കൈവശം വിമാനമൊന്നുമില്ല. തൽക്കാലം വിമാനം വാങ്ങാൻ ഉദ്ദേശിക്കുന്നുമില്ല. ഇൻറർ ഡിസ്ട്രിക്റ്റ് വിമാനം പറപ്പിക്കൽ പ്രൈവറ്റ് കമ്പനികളെക്കൊണ്ടോ, അതല്ലെങ്കിൽ കേന്ദ്ര ഗവൺമെൻറിനോടാവശ്യപ്പെട്ട് അവരെക്കൊണ്ടോ തുടങ്ങാൻ മാത്രമേ ഉദ്ദേശമുള്ളു.

ശ്രീ. എസ്. ത്യാഗരാജൻ: ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളിൽ ഇപ്പോഴും വിമാനത്താവളത്തിനുള്ള സൗകര്യമുണ്ടെന്ന് ഗവൺമെൻറിന് വല്ല റിപ്പോർട്ടുമുണ്ടോ; ഉണ്ടെങ്കിൽ അതേപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: എല്ലാ ജില്ലകളിലും അതിനുള്ള സൗകര്യമുണ്ട്. ചെറിയ വിമാനത്താവളങ്ങൾ സജ്ജീകരിച്ചാൽ മതി.

ശ്രീ. ടി. എം. ജേക്കബ്: ആഭ്യന്തര വിമാന സർവ്വീസുകൾ ആരംഭിക്കുമെന്ന് കേൾക്കാൻ തുടങ്ങിയിട്ട് നാളുകൾ പലതായി. എന്നു മുതൽ ആരംഭിക്കുമെന്നു കൃത്യമായി പറയാൻ തയ്യാറാകുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഓടിക്കുന്ന ദിവസം ശരിയായി തീരുമാനിക്കാതെ പറയാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. ബി. എം. ഷെറീഫ്: കൊല്ലം ജില്ലയിൽ ആശ്രാമത്ത് ഒരു വിമാനത്താവളമുണ്ടാക്കണമെന്ന തീരുമാനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കൊല്ലം ജില്ലയിൽ ഒരു വിമാനത്താവളം വേണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. കൊല്ലത്തു നിന്ന് വിമാനത്തിൽ കയറുകയും ഇറങ്ങുകയും ചെയ്യുന്ന സമയം മതി കൊല്ലത്തുനിന്നും കാറിൽ തിരുവനന്തപുരത്തു വരാൻ. അതുകൊണ്ട് അവസാനമായി തീരുമാനിക്കേണ്ട പ്രശ്നങ്ങളാണ്.

ശ്രീ. എ. വി. താമരാക്ഷൻ: ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽത്തറയിൽ വിമാനത്താവളം സ്ഥാപിക്കുന്നതിനുവേണ്ടി വിദഗ്ധൻമാർ വന്ന് അന്വേഷണം നടത്തുകയുണ്ടായി. അതുസംബന്ധിച്ച് വല്ല നടപടിയുമായോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: ഗവൺമെൻറിന്റെ പക്കൽ അതേപ്പറ്റിയുള്ള വിവരമൊന്നുമില്ല.

ശ്രീ. ഒ. ലൂക്കോസ്: കോട്ടയത്ത് ഒരു വിമാനത്താവളത്തിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പ്രഖ്യാപിച്ചതാണ്. ആ വിമാനത്താവളത്തിന്റെ നടപടി എത്രത്തോളമായെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ്: തിരുവനന്തപുരം - കോഴിക്കോട് പറക്കൽ ആരംഭിച്ചാൽ കോട്ടയം പരിഗണനയിൽ എടുക്കുമെന്നു പറഞ്ഞിരുന്നു. അത് എടുക്കുകയും ചെയ്യും.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: പരീക്ഷണ പറക്കൽ നടത്തിയ പ്പോഴും ബഹുമാനപ്പെട്ട മന്ത്രി ആ വിമാനത്തിൽ പോകാത്തത് എന്തു കൊണ്ടാണ്?

ശ്രീ. കെ. നാരായണക്കുറുപ്പ്: പരീക്ഷിക്കുമ്പോഴും കയറാറില്ല. പരീക്ഷണം കഴിഞ്ഞേ കയറാറുള്ളു.

അടിമവേല സമ്പ്രദായം

*401 [425] ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

ശ്രീ. എം. കെ. കൃഷ്ണൻ:

ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ.സാമൂഹ്യ വികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അടിമവേല സമ്പ്രദായം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്നു വ്യക്തമാക്കുമോ;

(സി) എത്ര ആളുകൾ അടിമവേല സമ്പ്രദായമനുസരിച്ച് വേല ചെയ്യുന്നുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര പേർ;

(ഇ) ഈ സമ്പ്രദായം ഇല്ലായ്മ ചെയ്യുന്നതിനു ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(എഫ്) ഈ നടപടികളുടെ ഫലമായി അടിമവേല സമ്പ്രദായം ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) നിയമപ്രകാരം നിരുത്തൽ ചെയ്തിരിക്കുന്നു. ഇപ്പോഴുള്ളതായി അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) (1) വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു.

(2) കൃഷിയുപകരണങ്ങളുടെ വിതരണം.

LIBRARY ARCHIVES Kerala Legislative Assembly